**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1974 - 22/03/2012 ലെ മറുപടിക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**ചോദ്യം** | **ഉത്തരം**

**ശ്രീ. പി. കെ. ബഷീർ**

**ശ്രീ. കെ.എം. മാണി**

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സഹായമുള്ളത്; | കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്ര പദ്ധതികൾ എന്നിവയ്ക്കും സാധാരണ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ, NSAP, AIBP, JNNURM, RKVY, WGDP/HADP, BRGF തുടങ്ങിയ അധിക കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ, തുടങ്ങിയ പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. (കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം ഉള്ളടക്കം ചെയ്യുന്നു) |
| ബി) ഇത്തരം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മുഴുവൻ ഫണ്ടുകളും ചെലവഴിക്കാറുണ്ടോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമാകുന്ന തുക കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ വിനിയോഗിക്കേണ്ടതാണ്. കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന തുക നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ചെലവഴിക്കാൻ കഴിയാതിരുന്നാൽ കേന്ദ്രസർക്കാർ സമയ പരിധി ദീർഘിപ്പിക്കാറുണ്ട്. ചില കേന്ദ്ര പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതും തുക ലഭിക്കുന്നതും വർഷാന്ത്യത്തിലാകാറുണ്ട്. ഇത് തൻവർഷങ്ങളിൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് തടസ്സമാകാറുണ്ട്. |
| സി) കേന്ദ്രസഹായമായി എത്ര രൂപയാണ് ഓരോ വർഷവും സംസ്ഥാനത്തിന് ലഭിക്കുന്നത്? | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്ര പ്ലാൻ പദ്ധതികൾ, സാധാരണ കേന്ദ്ര സഹായ പദ്ധതികൾ, മറ്റ് അധിക കേന്ദ്ര സഹായ പദ്ധതികൾ തുടങ്ങിയ കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ പ്രകാരം 2010-11 സാമ്പത്തികവർഷത്തിൽ ഗ്രാന്റ് ഇനത്തിൽ 1706.56 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം കേന്ദ്ര സഹായമായി 3256.19 കോടി രൂപ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.